**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 197** **06-10-2025 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വെയ്സ് ആൻഡ് മീൻസ് പരിധി 25 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി കുറച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | നോട്ട് നിരോധനം, പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്ത് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി വായ്പാ പരിധിയിൽ കുറവ് വരുത്തിയത് അടക്കമുള്ള കേന്ദ്ര നടപടികൾ കാരണം ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ വായ്പാ പരിധിയിൽ നിന്നും ഏകദേശം പതിനാലായിരം കോടിയിൽപരം രൂപയുടെ കുറവ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ട്. ഇങ്ങനെയിരിക്കെയാണ് ജി.എസ്.ടി. നിരക്കുകളുടെ ഏകീകരണം നടപ്പിലാക്കിയത്. ഇത് മൂലം സംസ്ഥാനത്തിന് പ്രതിവർഷം 8000 മുതൽ 9000 കോടി രൂപവരെ റവന്യൂ നഷ്ടം ഉണ്ടാകുമെന്നാണ് GIFT-ന്റെ ഒരു പഠനപ്രകാരം പ്രതീക്ഷിക്കുന്നത്. ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി വെയ്സ് & മീൻസ് പരിധി 10 ലക്ഷമായി നിശ്ചയിച്ചിട്ടുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാരുകൾ സ്വീകരിക്കുന്ന നടപടിക്രമമാണ്. SNA SPARSH–ൽ onboard ചെയ്തിട്ടുള്ള സ്കീമുകളുടെ വെയ്സ് & മീൻസ് പരിധി 1 |

| | | | |
|---|---|---|---|
| | | | കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. മേൽ ക്രമീകരണം നിലനിൽക്കുമ്പോൾ തന്നെ 10 ലക്ഷത്തിനു മുകളിലുള്ള വിതരണക്കാർ/ കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലപ്രാപ്തി കാരണമാണ് നിലവിലെ പണഞെരുക്കത്തിനിടയിലും വികസന പ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്തുവാൻ സാധിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ